**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമ്മിക്കുന്ന പ്രൊപ്പോസലിനെ സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി 21.06.2024 ന് നടത്തിയ ചർച്ചയുടെ മിനിട്ട്സ് ലഭ്യമാക്കാമോ; | (എ) | 2017-18ൽ 400ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്ന, പുനലൂർ താലൂക്ക് ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ പ്ലാൻ അംഗീകരിച്ചതായി 23/1/2025 തീയതിയിലെ കത്ത് മുഖേന സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി, അംഗീകരിച്ചിട്ടുള്ള പ്ലാൻ പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയുമുണ്ടായി. തദനുസരണം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 27/01/2025 തീയതിയിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തിന് മറുപടിയായി 15/5/2025 തീയതിയിലെ കത്ത് പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമാക്കിയ പ്ലാനിനുപകരം ക്യാഷ്വാലിറ്റി ട്രയേജ് ഗ്രൗണ്ട് ഫ്ലോറിലും കാൻസർ കെയർ വാർഡുകളും മറ്റ് സൗകര്യങ്ങളും ഫസ്റ്റ് ഫ്ലോറിലും വരുന്ന രീതിയിൽ കാൻസർ കെയർ യൂണിറ്റിനുള്ള പുതുക്കിയ പ്രൊപ്പോസൽ അടിയന്തിരമായി ലഭ്യമാക്കാൻ 09/06/2025തീയതിയിലെ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ കൊല്ലം ജില്ല മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന പുതുക്കിയ പ്ലാൻ സഹിതമുള്ള പുതുക്കിയ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുതയോഗം, ടി പ്രവൃത്തി ട്രോമ കെയർ / കാഷ്വാലിറ്റി പ്രവർത്തിയായി പരിവർത്തനം ചെയ്യുന്നതിന് വിശദമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; തയ്യാറാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് നൽകാമോ; | | |
| (സി) | ഇത് സംബന്ധിച്ച് നിലവിലുള്ള ഫയൽ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കുമോ; നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ; | (സി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രവൃത്തിക്ക് ഭരണാനുമതി നല്കി എപ്പോഴേയ്ക്ക് ആരംഭിയ്ക്കാനാകും; വിശദമാക്കാമോ? | (ഡി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ